**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 450** **21-03-2025 - ൽ മറുപടിയ്ക്ക്**

**ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ ഏറിയ പങ്കം സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിലെ കട മുറികൾ കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information system, Public Announcement System, ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി കൂടുതൽ ഡിപ്പോകളിലേക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും, ഡോർ ഡെലിവറി & പിക്കപ്പ് തുടങ്ങുവാനും ഉള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ബസുകളിൽ പരസ്യം പതിപ്പിച്ച് ആയതിലൂടെ വരുമാനം കണ്ടെത്തി വരുന്നു.<br><br>1. <u>റെന്റൽ മാനേജ്മെന്റ് സിസ്റ്റം</u><br><br>കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് ഇതര വരുമാനം കൈകാര്യം ചെയ്യുന്ന വിഭാഗത്തിലെ എല്ലാവിധ പണം ഇടപാടുകളും ഓൺലൈൻ വഴി അടയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഓൺലൈൻ സംവിധാനം ആയ റെന്റൽ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ 03.04.2023-ന് നടപ്പിലാക്കി കഴിഞ്ഞു.<br><br>2. <u>കൊറിയർ സംവിധാനം</u><br><br>കെ.എസ്.ആർ.ടി.സി.യിൽ കൊറിയർ സംവിധാനം 15.06.2023 തീയതി മുതൽ ആരംഭിച്ചു. |

കേരളത്തിനകത്ത് ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് 16 മണിക്കൂർ കൊണ്ട് സാധനങ്ങൾ എത്തിക്കുവാൻ സാധിക്കും. നിലവിൽ 47 യൂണിറ്റുകളിൽ ടി സംവിധാനം സജ്ജമാണ്.

3. യാത്രാ ഫ്യൂവൽ

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും കൂടാതെ, ല്യൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കുകയും ഇതിനകം 15 യാത്രാഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്തെ ഏറ്റവും വലിയ ഇന്ധന വിതരണ ഔട്ട്ലെറ്റ് ശൃംഖലയാകാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം സിറ്റി, വികാസ്ഭവൻ, ചടയമംഗലം, കിളിമാനൂർ, ചേർത്തല, മൂന്നാർ, മൂവാറ്റുപുഴ, ചാലക്കുടി, കോഴിക്കോട്, നോർത്ത് പറവൂർ, മാവേലിക്കര, തൃശ്ശൂർ, ഗുരുവായൂർ, പൊൻകുന്നം, പെരുമ്പാവൂർ എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലാണ് ഇന്ധന വിതരണ ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുള്ളത്. ഇപ്രകാരം സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി ഘട്ടം ഘട്ടമായി ഇന്ധന ചില്ലറ വില്പനശാലകൾ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

4. ബഡ്ജറ്റ് ടൂറിസം

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി വരുന്നത്.

ബഡ്ജറ്റ് ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു;

ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.

നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം 2024 മേയ് മുതൽ ആരംഭിച്ചു.

സമാന രീതിയിൽ ബി.ടി.സി.യ്ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. KSRTC ഡ്രൈവിംഗ് സ്കൂൾ

കെ.എസ്.ആർ.ടി.സി.യിലെ ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചതാണ് കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ.

പൊതുജനങ്ങൾക്ക് കാര്യക്ഷമവും മെച്ചപ്പെട്ടതുമായ ഡ്രൈവിംഗ് പരിശീലനം കുറഞ്ഞ ചെലവിൽ നൽകുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടുള്ളത്.

ആദ്യഘട്ടത്തിലെ 12 ഡ്രൈവിംഗ് സ്കൂളുകളിൽ 10 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് (സ്റ്റാഫ് ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം, കാട്ടാക്കട, വിതുര, ആറ്റിങ്ങൽ, ചാത്തന്നൂർ, ചടയമംഗലം, ചാലക്കുടി, ചിറ്റൂർ, റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ, മാനന്തവാടി).

2 എണ്ണം ഒരു മാസക്കാലയളവിനുള്ളിൽ ആരംഭിക്കും (റീജിയണൽ വർക്ക്ഷോപ്പ് മാവേലിക്കര, നെടുമങ്ങാട്).

രണ്ടാം ഘട്ടത്തിൽ 8 സ്ഥലങ്ങളിൽ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതിൽ നിലമ്പൂർ, പൊന്നാനി, പൂവാർ എന്നീ യൂണിറ്റുകളിൽ ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളതും ഉടൻ ആരംഭിക്കാനുള്ളതുമായ സ്കൂളുകൾ പന്തളം,എടത്വ,പയ്യന്നൂർ, സെൻട്രൽ വർക്ക്സ് പാപ്പനംകോട് എന്നീ സ്ഥലങ്ങളിലാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിന്റെ എത്ര ശതമാനം ഈ മാർഗ്ഗത്തിലൂടെ ലഭിക്കുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ; | (ബി) | 2023-24 ലെ UN-AUDITED കണക്കു പ്രകാരം, ആകെ വരുമാനത്തിന്റെ 26.29% ആണ് ടിക്കറ്റിതര വരുമാനം ആയി ലഭിച്ചിട്ടുള്ളത്.<br><br>2024-25 ഫെബ്രുവരി വരെയുള്ള UN-AUDITED കണക്കു പ്രകാരം, ആകെ വരുമാനത്തിന്റെ 30.18% ആണ് ടിക്കറ്റിതര വരുമാനം ആയി ലഭിച്ചിട്ടുള്ളത്. |
| (സി) | കെ.എസ്.ആർ.ടി.സി.യുടെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക യഥാസമയം പുതുക്കി നിശ്ചയിക്കാറുണ്ടോ; ഇല്ലെങ്കിൽ അതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക യഥാസമയം പുതുക്കി നിശ്ചയിക്കാറുണ്ട്. കെ.റ്റി.ഡി.എഫ്.സി. ബി.ഒ.റ്റി വ്യവസ്ഥയിൽ നിർമ്മിച്ച കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സുകളിലെ കടമുറികളുടെ വാടക വാടകക്കാരനുമായി കരാറിൽ ഏർപ്പെട്ടശേഷമുള്ള എല്ലാ മൂന്ന് വർഷം കൂടുമ്പോഴും പുതുക്കി നിശ്ചയിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ